بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۝

# ജുമുഅഃ ഖുത്ബ സംഗ്രഹം 08.09.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*ജർമനിയിലെ മസ്ജിദ് ബൈത്തുസ്സബൂഹിൽ നിർവഹിച്ചത്.*

## ജർമൻ ജൽസ: അവലോകനവും മാർഗനിർദേശങ്ങളും

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ الرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ
نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ
عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്ത് ജർമനിയുടെ ജൽസ കഴിഞ്ഞയാഴ്ച വിജയകരമായി നടന്നു. ഒരു ഇടവേളയ്ക്ക് ശേഷം സാധാരണ നിലയിൽ വലിയ തോതിൽ ജൽസ സംഘടിപ്പിക്കാൻ അവസരം നൽകിയതിന് ഒന്നാമതായി അല്ലാഹു തആലയോട് നാം നന്ദിയുള്ളവരായിരിക്കണം. സംഘാടകരും ജൽസയിൽ പങ്കെടുത്തവരും അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കണം. ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാൻ അല്ലാഹു തആല തങ്ങൾക്ക് അവസരം നൽകിയതിൽ പ്രവർത്തകരും നന്ദിയുള്ളവരായിരിക്കണം. ഈ വിപുലമായ ക്രമീകരണത്തിൽ, പലയിടത്തും പോരായ്മകൾ ഉണ്ടായിരിക്കാം; ചില അതിഥികൾക്ക് പ്രയാസം സഹിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ അവർ മതപരമായ ആവശ്യത്തിനായി വന്നതിനാൽ ഒന്നിനും പരാതിപ്പെട്ടില്ല. പക്ഷേ ചില ക്രമീകരണങ്ങൾ ശരിയായിരുന്നില്ലെന്ന് എനിക്കു മനസ്സിലാക്കാൻ സാധിച്ചു.

പ്രവർത്തകർ അവരുടെ കർത്തവ്യങ്ങൾ വളരെ ശുഷ്കാന്തിയോടെ നിർവഹിക്കുകയുണ്ടായി. പ്രവർത്തകരിലോ വകുപ്പിലോ എന്തെങ്കിലും ദൗർബല്യമുണ്ടെങ്കിൽ അത് അവരുടെ ഉദ്യോഗസ്ഥരിൽ നിന്ന് ഉള്ള തെറ്റായ നിർദേശങ്ങൾ കാരണമായിട്ടാരുന്നു. അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉദ്യോഗസ്ഥർ ഉത്തരവാദികളാണ്. ഇസ്തിഗ്ഫാർ ചെയ്യുകയും ഭാവിയിൽ റെഡ് ബുക്കിൽ എഴുതി അതിനെ തിരുത്താൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

ലിഫ്റ്റുകൾ പ്രവർത്തിക്കുന്നുണ്ടായിരുന്നില്ല, ബാത്ത്റൂമുകളുടെ ലഭ്യത കുറവായിരുന്നു, വെള്ളത്തിനുള്ള സംവിധാനം ശരിയായിരുന്നില്ല. സുരക്ഷാ ഉദ്യോഗസ്ഥർ ഒരു കാരണവുമില്ലാതെ തടസ്സം ഉണ്ടാക്കിക്കൊണ്ടിരുന്നു. ട്രാൻസ്ലേഷനിലും ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ശബ്ദപ്രശ്നവും ഉണ്ടായിരുന്നു. ഞങ്ങൾക്ക് പ്രസംഗം കേൾക്കാൻ കഴിയുന്നില്ലെന്ന് ചില അതിഥികൾ പരാതിപ്പെട്ടിരുന്നു. ജൽസക്കിടയിലും ഞാൻ സംഘാടകരുടെ ശ്രദ്ധയിൽപെടുത്തിക്കൊണ്ടിരുന്നു. ജൽസാ സാലാന ഓഫീസർ, ജൽസാ ഗാഹ് ഓഫീസർ, സൗണ്ട് ഡിപ്പാർട്ട്മെന്റിന്റെ ഇൻചാർജ് എന്നിവർക്കാണ് ഇതിന്റെ ഉത്തരവാദിത്തം. ജൽസ കേൾക്കാൻ ഇവിടെയെത്തുന്ന ആളുകൾക്ക് (അതിനുള്ള) ക്രമീകരണം ശരിയായില്ലെങ്കിൽ പിന്നെ ജൽസയുടെ പ്രയോജനം എന്താണ്.? ബാക്കിയുള്ള ക്രമീകരണങ്ങളിലെ പോരായ്മകൾ സഹിക്കാവുന്നതേയുള്ളൂ, എന്നാൽ ജൽസ കേൾക്കുന്നതിനുള്ള ക്രമീകരണങ്ങളിൽ ഉണ്ടാകുന്ന പോരായ്മകൾ സഹിക്കാനാവുകയില്ല.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഇത് ആളുകൾ ഒത്തുകൂടുന്ന മേളയല്ല. ശബ്ദം കുറവായതിനാൽ പിന്നിൽ ചിലയിടങ്ങളിൽ മേളയുടെ അവസ്ഥയായിരുന്നു. എന്റെ ഏകദേശ കണക്ക് പ്രകാരം ഏഴായിരമോ എണ്ണായിരമോ പേർക്ക് ജൽസ ശരിയായി കേൾക്കാൻ സാധിച്ചിട്ടുണ്ടാവില്ല. സംഘാടകർ ആളുകളെയാണ് കുറ്റപ്പെടുത്തുന്നത്. അഥവാ ആളുകൾ സംസാരിക്കുകയാണെങ്കിൽ, (തന്നെ അത്) തർബിയത്തിന്റെ അഭാവമാണ്. മിഷനറി ഇൻചാർജുമാരും മുറബ്ബിമാരും വർഷം മുഴുവനും തർബിയത്ത് നൽകാതിരുന്നു എന്നതിന് ഉത്തരവാദികളാണ്. ആളുകളെ കുറ്റപ്പെടുത്തരുത്. അഹ്മദികളെ ഉപദേശിക്കുമ്പോൾ സാധാരണയായി അനുകൂലമായി പ്രതികരിക്കുന്നതാണ്. സ്ത്രീകൾക്ക് ഇത്തവണ പുരുഷന്മാരേക്കാൾ മികച്ച അച്ചടക്കം ഉണ്ടായിരുന്നു. (അതിനാൽ) പുരുഷന്മാരുടെ തർബിയത്ത് വിഭാഗം സ്വയം ചിന്തിക്കേണ്ടതാണ്.

വികസ്വര രാജ്യങ്ങൾ അവരുടെ ദൗർബല്യങ്ങളിൽ ദൃഷ്ടിപായിക്കുമ്പോൾ മാത്രമേ വിജയിക്കുകയുള്ളൂ. എല്ലാം ശരിയാണെന്നു പറഞ്ഞ് പുരോഗതിയിലേക്കുള്ള വഴി തടയരുത്. അതിൽ നാണക്കേടിന്റെ കാര്യവുമില്ല. വകുപ്പുതല ഓഫീസർമാരെ സ്വയം സമുദ്ധരിക്കാൻ അല്ലാഹു സൗഭാഗ്യം നൽകട്ടെ. ഈ ബലഹീനതകളെല്ലാം ഉണ്ടായിരുന്നിട്ടും, നമ്മുടെ ദൗർബല്യങ്ങൾ മറച്ചുവെച്ചുകൊണ്ട് അല്ലാഹു തആല നമുക്ക് അനുഗ്രഹം നൽകി; ജൽസയിൽ വന്ന അതിഥികളിൽ പൊതുവെ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതിഥികൾ അസാധാരണമായ പ്രതികരണങ്ങളും നൽകിയിട്ടുണ്ട്. ഈ ജൽസ കാരണം ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാൻ അവസരം നൽകിയതിന് ജർമ്മനി ജമാഅത്ത് അല്ലാഹുവിനോട് വളരെ നന്ദിയുള്ളവരായിരിക്കണം.

അതിഥികളുടെ പ്രതികരണം അവതരിപ്പിച്ചുകൊണ്ട് ഹുസൂർ അൻവർ പറഞ്ഞു: ബൾഗേറിയയിൽനിന്നുള്ള അഭിഭാഷകയും പിഎച്ച്ഡി ഡോക്ടറുമായ ക്രിസ്ത്യൻ വനിത വെർവാനിക്ക സാഹിബ പറഞ്ഞു: ആരുടെയും മുഖത്ത് പരിഭ്രാന്തിയോ ആശങ്കയോ കാണാത്ത തരത്തിലാണ് ഇത്രയും മികച്ച ജൽസ സംഘടിപ്പിച്ചത്. ഈ പ്രോഗ്രാം എനിക്ക് ആത്മീയ ഉയർച്ച നൽകുയുണ്ടായി. ഈ ജൽസ എന്റെ മനസ്സിൽ നിലനിൽക്കുമെന്ന് ബൾഗേറിയയിൽ നിന്നുള്ള മറ്റൊരു ക്രിസ്ത്യൻ വനിത നതാലിയ പറഞ്ഞു. ആയിരക്കണക്കിന് മുസ്‌ലിംകൾ ഒരുമിച്ച് നമസ്കരിക്കുന്നത് ആദ്യമായിട്ടാണ് കണ്ടത്. എല്ലാ ആളുകളും സന്തോഷത്തോടെയാണ് പെരുമാറുന്നത്. കാലത്തിന്റെ ഖലീഫയുടെ പ്രഭാഷണം വളരെ ശ്രദ്ധേയമായിരുന്നു.

മാസിഡോണിയയിൽ നിന്നുള്ള ഒരു ക്രിസ്ത്യൻ പത്രപ്രവർത്തക പറയുന്നു: ജൽസയുടെ സംഘാടനം വളരെ ഉയർന്ന തലത്തിലുള്ളതായിരുന്നു. വ്യത്യസ്ത മതക്കാരും ദേശക്കാരും ഉൾപ്പെടുന്ന ഇത്തരമൊരു സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞത് എനിക്ക് വലിയ ഒരു അംഗീകാരമാണ്. കാലത്തിന്റെ ഖലീഫയുടെ വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ എന്നെ വളരെയധികം ആകർഷിച്ചുവെന്ന് മാസിഡോണിയയിൽ നിന്നുള്ള മറ്റൊരു പത്രപ്രവർത്തക പറഞ്ഞു. നിരവധി അഹ്മദി മുസ്‌ലിംകളുമായി സംസാരിക്കാൻ എനിക്കവസരം ലഭിച്ചു; അവർ വളരെ സ്നേഹത്തോടെയും പുഞ്ചിരിയോടെയും ആണ് സംസാരിച്ചിരുന്നത്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്നതിന്റെ പ്രായോഗിക മാതൃക ഞാൻ കണ്ടു. ഈ മുദ്രാവാക്യംകൊണ്ട് ലോകത്ത് സമാധാനമുണ്ടാകുന്നതാണ്.

സ്ളോവാക്യയിൽനിന്നുള്ള വനിതാ അധ്യാപിക മാർട്ടിന സാഹിബ പറയുന്നു: ഇത്തരമൊരു ആതിഥ്യമര്യാദയുടെ മാതൃക ഞാൻ ഇതുവരെ കണ്ടിട്ടില്ല. ബൈഅത്തിന്റേയും നമസ്കാരത്തിന്റേയും അവസരത്തിൽ തന്റെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല. ജൽസയ്ക്ക് മുമ്പ് തനിക്ക് ഇസ്‌ലാമിനെക്കുറിച്ച് ഒന്നും അറിയില്ലായിരുന്നുവെന്ന് സ്ളോവാക്യയിൽനിന്നുള്ള മറ്റൊരു അതിഥി പറയുകയുണ്ടായി. ജൽസയിൽ ചേർന്നതിലൂടെ അല്ലാഹുവിന്റെയും റസൂൽ(സ)ന്റെയും സ്ഥാനത്തെക്കുറിച്ച് ഞാൻ മനസ്സിലാക്കി. വലിയ അർപ്പണബോധത്തോടും ഉത്സാഹത്തോടും അഹ്മദികൾ അതിഥികളെ സേവിച്ചു. സ്ളോവാക്യയിൽ നിന്നുള്ള മറ്റൊരു അഥിതി പറയുന്നു: അഹ്മദികളുടെ ധാർമ്മികതും ആതിഥ്യമര്യാദയും എന്നിൽ വളരെ മതിപ്പുളവാക്കിയിരിക്കുന്നു. അഹ്മദികൾ തങ്ങളുടെ മതം അനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അൽബേനിയയിൽ നിന്നുള്ള ഒരു പ്രൊഫസറായ അഥിതി പറയുന്നു: ജൽസ വളരെ ഗംഭീരമായിരുന്നു. നിങ്ങളുടെ ഐക്യത്തിന് കാരണം ഖിലാഫത്ത് ആണെന്ന് ഈ ജൽസയിൽ ഞാൻ കണ്ടു.

ബോസ്നിയയിൽ നിന്നുള്ള ഹിസ്റ്ററി പ്രൊഫസർ ഹാരിസ് സാഹിബ് പറയുന്നു: ജൽസയുടെ എല്ലാ കാര്യങ്ങളും നല്ല രീതിയിൽ ആസൂത്രണം ചെയ്തതായിരുന്നു. വളരെ വ്യവസ്ഥാപിതവുമായിരുന്നു. ഖലീഫയുടെ ആദ്യപ്രസംഗത്തിൽ തന്നെ എന്റെ മനസ്സ് തെളിയുകയുണ്ടായി. അദ്ദേഹത്തെ കണ്ടുമുട്ടിയത് എന്റെ മനസ്സിൽ വളരെ വലിയ സ്വാധീനം ചെലുത്തി; എനിക്ക് വളരെ ആശ്വാസവും ലഭിച്ചു. ബോസ്നിയയിൽ നിന്നുള്ള റെഡ്ക്രോസ് സെക്രട്ടറി ഇന്ദ്ര ഹൈദർ പറയുന്നു: കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ച വളരെ സന്തോഷം നൽകി. ലോകമെമ്പാടുമുള്ള അഹ്മദികളെ ഖിലാഫത്ത് ഒന്നിപ്പിച്ചിരിക്കുന്നു. ഒരു മുസ്‌ലിമായതിൽ എനിക്ക് അഭിമാനം തോന്നി.

ജോർജിയയിൽ നിന്നുള്ള ഒരു സ്ത്രീ പറയുന്നു: ആദ്യമായിട്ടാണ് ജൽസ കാണാനിടയായത്. ചെറുപ്പക്കാരും പ്രായമായവരും ഉത്സാഹത്തോടെ ജോലി ചെയ്തിരുന്നു. ആഗോള ബൈഅത്ത് കണ്ട് വികാരങ്ങളെ നിയന്ത്രിക്കാൻ പ്രയാസമായിരുന്നു.

ജമാഅത്തിന്റെ ഖലീഫ നമ്മുടെ മുന്നിൽ വെച്ച തൂലികാ ജിഹാദ് എന്ന ആശയം ഞാൻ നൂറു ശതമാനം ശരിവെക്കുന്നു. ഭാവിയിൽ ലോകം ഇസ്‌ലാമിനെക്കുറിച്ച് ചിന്തിക്കുമെന്നും അതിലൂടെ ദൈവത്തെ തിരിച്ചറിയുന്നവരായി മാറുമെന്നും ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

ജോർജിയയിലെ ഒരു സുന്നി പണ്ഡിതൻ പറയുന്നു: ക്രിസ്തുമതം ഉപേക്ഷിച്ച ശേഷം ഇസ്‌ലാം സ്വീകരിച്ച് മദീനയിൽ താമസിച്ചു. അഹ്മദികൾ ഞങ്ങളെ അവിശ്വാസികൾ എന്ന് വിളിക്കുന്നതും അവരുടെ വിശ്വാസം വ്യത്യസ്തമാണെന്നും ഞാൻ കേട്ടിരുന്നു. ജൽസയിൽ ജമാഅത്തിനെ സൂക്ഷ്മമായി കാണുകയും ഖലീഫയുടെ പ്രസംഗങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും ചെയ്തു. (മുമ്പ് അഹ്മദികൾ കാഫിറാണ് എന്ന് എന്ന് വായിച്ചിരുന്നു.) എന്നാൽ നിങ്ങളെ കാഫിർ എന്ന് വിളിക്കുന്നത് തെറ്റാണ്. മൂന്ന് ദിവസത്തെ ജൽസയിൽ എന്റെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചു.

കൊസോവോയിൽ നിന്ന് വന്ന വിദ്യാഭ്യാസ ഡയറക്ടർ പറയുന്നു: ജൽസ നാളുകളിൽ കേട്ട പ്രസംഗങ്ങൾ എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നതാണ്. ആതിഥ്യമരുളിയ അനുഭവം നമ്മുടെ ഹൃദയത്തിൽ എന്നും നിലനിൽക്കുന്നതാണ്. ഈ അസാധാരണ കൂടിക്കാഴ്ചയിലെ ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ദൃശ്യങ്ങൾ എന്റെ മനസ്സിൽ ആഴത്തിൽ മുദ്രപതിപ്പിച്ചതായി കൊസോവോയിലെ മേയർ പറയുകയുണ്ടായി. കാലത്തിന്റെ ഖലീഫയുടെ പ്രസംഗം വളരേ ശ്രദ്ധേയമായിരുന്നു. ആതിഥ്യമര്യാദ അത്ഭുതകരമായിരുന്നു.

കാമറൂണിലെ ഒരു ചീഫ് ഇമാം പറയുന്നു: താൻ ആദ്യമായിട്ടാണ് ഇത്രയും വലിയ പരിപാടിയിൽ പങ്കുചേരുന്നത്. അതിശയകരമെന്നു പറയട്ടെ, വ്യത്യസ്ത നിറങ്ങളിലുള്ള ആളുകൾ ഒരു കുടുംബത്തെപ്പോലെ കണ്ടുമുട്ടി. ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ യുക്തിയുടെയും ഇസ്‌ലാമിക അധ്യാപനങ്ങളുടെയും പ്രതിഫലനമായിരുന്നു. അത് പാലിച്ചാൽ ജീവിതം സ്വർഗമായിത്തീരുന്നതാണ്.

ഇസ്‌ലാംമത തത്ത്വജ്ഞാനം എന്ന പുസ്തകം സന്നദ്ധസേവനത്തിലൂടെ ലിത്വാനിയയിലേക്ക് വിവർത്തനം ചെയ്ത ലിത്വാനിയയിൽ നിന്നുള്ള ഒരു സ്ത്രീ പറയുന്നു: വാർഷിക ജൽസ എനിക്ക് ജമാഅത്തിനെ പഠിക്കാനുള്ള മികച്ച അവസരം നൽകി. അഹ്മദിയ്യാ ജമാഅത്ത് അതിന്റെ മുദ്രാവാക്യം യഥാർത്ഥ രീതിയിൽ പിന്തുടരുന്നവരാണ്.

ജർമ്മനിയിൽ താമസിക്കുന്ന ഒരു തുർക്കി വനിതാ ടീച്ചർ യാസ്മീൻ സാഹിബ പറയുന്നു: എന്റെ ചോദ്യങ്ങൾക്കുള്ള ഉത്തരമായിരുന്നു ഖലീഫയുടെ പ്രഭാഷണങ്ങൾ. ജൽസയുടെ അന്തരീക്ഷം എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഇത്രയധികം ആളുകൾ ഒത്തുചേരുകയും സ്നേഹത്തോടെ ഇടപഴകുകയും ചെയ്യുന്നത് അസാധാരണവും ആശ്ചര്യകരവുമായിരുന്നു. സർബിയയിലെ ഒരു പത്രപ്രവർത്തകൻ പറയുന്നു: ജൽസയിലെ നിങ്ങളുടെ ഉത്തമമായ സംഘാടനം എന്നെ അത്ഭുതപ്പെടുത്തി. സംവിധാനത്തിലോ നാൽപ്പതിനായിരം ആളുകളിലോ ഒരു തെറ്റും ഉണ്ടായിരുന്നില്ല. സംഘാടകരോടും പങ്കെടുക്കുന്നവരോടും എനിക്ക് സ്നേഹത്തിന്റെ വികാരമാണെന്ന് സെർബിയയിൽ നിന്നുള്ള മറ്റൊരു വനിതാ മാധ്യമപ്രവർത്തക പറഞ്ഞു. സ്ത്രീകളോടുള്ള ഖലീഫയുടെ അഭിസംബോധന വളരെ ഹൃദയസ്പർശിയായിരുന്നു.

ഒരു ജർമ്മൻ ക്രിസ്ത്യൻ, കാത്തലിക് ടിവി റിപ്പോർട്ടർ പറയുന്നു: ഖലീഫയുടെ പ്രസംഗം വളരേ ശ്രദ്ധേയമായിരുന്നു. വെറുതെ കേട്ടാൽ മാത്രം പോരാ അതിൽ ചിന്തിക്കണം എന്ന തരത്തിലായിരുന്നു പ്രഭാഷണം. ജൽസയിൽ ബഹുമാന സൂചകമായി തല മറച്ചിരുന്ന ഒരു ജർമ്മൻ സ്ത്രീ പറയുന്നു: പ്രസംഗത്തിനിടെ എന്റെ കണ്ണുകൾ നനയുന്ന തരത്തിൽ അതെന്റെ ഹൃദയത്തെ വളരെ സ്വാധീനിച്ചു. ഖലീഫയുടെ വാക്കുകൾ ഹൃദയസ്പർശിയായിരുന്നു.

ഈ ജൽസക്ക് ജർമനിയിൽ നല്ല മാധ്യമ കവറേജാണ് ലഭിച്ചത്. നാല് ടിവി ചാനലുകൾ വഴി നാൽപ്പത്തിയൊന്ന് ദശലക്ഷം ആളുകളിലേക്കും പതിനൊന്ന് പത്രങ്ങൾ മുഖേന അമ്പത് ദശലക്ഷം ആളുകളിലേക്കും അഞ്ച് റേഡിയോ സ്റ്റേഷനുകൾ വഴി പതിനാലു ദശലക്ഷം ആളുകളിലേക്കും ഓൺലൈനിലൂടെ രണ്ട് ദശ ലക്ഷം ആളുകളിലേക്കും വാർത്ത എത്തി. ഈ രീതിയിൽ ജൽസയുടെ കവറേജ് 180 ദശലക്ഷം ആളുകളിൽ എത്തിയതായി മനസ്സിലാക്കുന്നു. അല്ലാഹു എന്തായാലും അതിനുള്ള നല്ല ഫലങ്ങൾ ഉണ്ടാക്കുമാറാകട്ടെ.

ജനങ്ങൾ പ്രകടിപ്പിച്ച ചുരുക്കം ചില പ്രതികരണങ്ങൾ ആണ് ഞാൻ അവതരിപ്പിച്ചത്. അല്ലാഹു നമ്മുടെ (പോരായ്മകൾ) മറച്ചുവെക്കുന്നു എന്നത് അവന്റെ നന്ദിയും അനുഗ്രഹവുമാണ്. വിവിധ മസ്ജിദുകളുടെ ഉദ്ഘാടന വേളയിൽ, ഇസ്‌ലാമിനെക്കുറിച്ച് ഉണ്ടായിരുന്ന ഞങ്ങളുടെ അഭിപ്രായം മാറിയെന്ന് ആളുകൾ വ്യക്തമായി പ്രകടിപ്പിച്ചു.

നമ്മുടെ പരിചിതരായ അഹ്മദികൾ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ച് നേരത്തെ ഞങ്ങളെ അറിയിച്ചില്ലെന്നു പരാതിയുമുണ്ട്. അതിനാൽ, ഓരോ അഹ്മദിയും ചെറിയവനെന്ന തോന്നലില്ലാതെ ഇസ്‌ലാമിനെയും ഹദ്റത് മസീഹ് മൗഊദ്(അ)നേയും പരിചയപ്പെടുത്തണം. കേവലം ലഘുലേഖകൾ വിതരണം ചെയ്യുന്നത് കൊണ്ട് ലക്ഷ്യം നേടുകയില്ല. ആളുകൾക്ക് ഇപ്പോഴും മതത്തെക്കുറിച്ച് കേൾക്കാൻ താൽപ്പര്യമുണ്ട്.

എല്ലായിടത്തും തങ്ങളുടെ ആത്മ പരിശോധന നടത്തേണ്ടതുണ്ട്. ബലഹീനതകൾ പരിഹരിക്കേണ്ടതാണ്. മെച്ചപ്പെടുത്താൻ ധാരാളം ഇടമുണ്ട്. മികച്ചത് തേടിയുള്ള അന്വേഷണം തുടരേണ്ടതാണ്. അല്ലാഹുവിനോട് പ്രാർത്ഥിച്ചും സഹായമഭ്യർത്ഥിച്ചും പ്രവർത്തനം ആരംഭിക്കുക. ജൽസയുടെ ഉദ്ദേശ്യം നിറവേറ്റാൻ സംഘാടകരും പങ്കാളികളും എപ്പോഴും പരമാവധി ശ്രമിക്കണം. അല്ലാഹു നമ്മോട് കരുണ കാണിക്കുകയും ഭാവിയിൽ ജൽസയുടെ ഉദ്ദേശ്യം മികച്ച രീതിയിൽ നിറവേറ്റാനുള്ള അവസരം നൽകുകയും ചെയ്യട്ടെ.

---

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Bait-us-Sabuh Mosque, Frankfurt, Germany – on 08.09.2023

Malayalam Translation, Typing & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**